ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രീ. അനിൽ പരമേശ്വരൻ എന്ന ചാർട്ടേഡ് അക്കൗണ്ടന്റാണ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നത്.

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

**സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനകാലാവധി**

**210 (6360)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനകാലാവധി പരിമിതപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എത്ര വർഷത്തേക്കാണ് പരിമിതപ്പെടുത്തിയിട്ടുള്ളത് ;

(സി) സേവനകാലാവധി പൂർത്തിയാക്കിയവരെ സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീൻ സേവനത്തിൽനിന്നും വിടുതൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന കാലാവധി പരിമിതപ്പെടുത്തിയിട്ടില്ല. എന്നാൽ 2-6-2014-ൽ പോലീസ് ആസ്ഥാനത്ത് നടന്ന വെൽഫെയർ ബ്യൂറോ മീറ്റിംഗിൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ സബ്-ഇൻസ്പെക്ടർ/അതിന് മുകളിലെ റാങ്കുകളിലുള്ള (ക്യാന്റീൻ മാനേജർ ഉൾപ്പെടെ) ഉദ്യോഗസ്ഥരുടെ കാലാവധി രണ്ട് വർഷമായി നിജപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.

**1962-ലെ കേരളാ ഫയർഫോഴ്സ് ആക്ട് ഭേദഗതി**

**211 (6361)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962-ലെ കേരളാ ഫയർ ഫോഴ്സ് ആക്ട് എത്രതവണ ഭേദഗതി ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 1962-ലെ നിയമത്തിന് കാലാനുസൃതമായ മാറ്റം വരുത്തണമെന്ന കാര്യം പരിഗണനയിലുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഹുനില മന്ദിരങ്ങളും ഫ്ളാറ്റുസമുച്ചയങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ചട്ടങ്ങൾ കർക്കശമായി പാലിച്ചുകൊണ്ട് നിർമ്മാണപ്രവൃത്തികൾ നടത്തുവാനും അതുവഴി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുവാനും കഴിയുന്ന തരത്തിൽ 1962-ലെ നിയമത്തിൽ ഭേദഗതികൾ കൊണ്ടുവരാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഭേദഗതി ചെയ്തിട്ടില്ല.

(ബി) ഉണ്ട്.

(സി) 1962-ലെ കേരള ഫയർ ഫോഴ്സ് ആക്ട് പരിഷ്കരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷനുകൾ**

**212 (6362)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷനുകളാണുള്ളത് ;

(ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിൽ ആകെ എത്ര ജീവനക്കാരാണുള്ളത് ;

(സി) നിലവിൽ വിവിധ തസ്തികകളിൽ ആകെ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം തസ്തികകളിലേക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഏതെല്ലാം ജില്ലകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ട് ;

(എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിലേക്ക് നിയമനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളും ഇപ്പോൾ ഓരോ തസ്തികയിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 106 എണ്ണം.

(ബി) 3135 ജീവനക്കാർ.

LIBRARY ARCHIVES Kerala Legislative Assembly